ഞങ്ങൾ കുടിയേറിയ രാജ്യങ്ങളുടെ ഭൗതികമോ ആധ്യാത്മികമോ ആയ ജീവിതത്തിൽ ഇന്ത്യക്കാർ എന്തു പ്രഭാവമാണ് ചെലുത്തുന്നതു്? യോഗാഭ്യാസം, പൗരസ്ത്യദർശനങ്ങൾ എന്നിവയിൽ പാശ്ചാത്യർക്കു് ഈയിടെ കണ്ടുവരുന്ന വർധിച്ച താല്പര്യത്തിനു് ഇന്ത്യൻ കുടിയേററക്കാർ എന്തെങ്കിലും സംഭാവന നൽകിയിട്ടുള്ളതായി തോന്നുന്നില്ല. ആകൃതി കൊണ്ടു് ഇന്ത്യക്കാരെങ്കിലും ശിക്ഷണംകൊണ്ടും മനോഭാവംകൊണ്ടും പാശ്ചാത്യരേക്കാൾ കടുത്ത പാശ്ചാത്യരാണു് ഈ കുടിയേററക്കാരിലധി കവും. ഇന്ത്യയുടെ പൈതൃകത്തെപ്പററി അഭിമാനമോ, ദർശനങ്ങളിൽ അവഗാഹമോ ഉള്ളവർ അവർക്കിടയിൽ വളരെ കുറവാണു്. ഐതിഹാ സികമായ 'ഇന്ത്യൻ ആധ്യാത്മികത'യ്ക്കെതിരെ ഫലപ്രദമായി ഉദ്ധരി ക്കാവുന്ന വിപരീതദൃഷ്ടാന്തങ്ങളാണു് ഇവരിൽ ഭൂരിഭാഗവും—ശുദ്ധ ഭൗതികവാദികൾ!

പാശ്ചാത്യരാജ്യങ്ങളിൽ ഇന്ത്യൻ കുടിയേററക്കാരുടെ സാംസ്കാരിക സ്വാധീനം ഏറെക്കുറെ നിഷേധാത്മകമായിരിക്കാനേ വഴി കാണു ന്നുള്ളു.

ഈ ലേഖനത്തിലെ ചില വസ്തുതകൾക്കു് ഫെബ്രുവരി 17–ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

1 മാർച്ച്, 1985

# 39. ഗൾഫ് മലയാളികൾ

1984 നവംബർ 25 മുതൽ ഡിസംബർ 3 വരെ, പത്തു ദിവസം ഞങ്ങൾ അറേബ്യൻ–ഗൾഫ് പ്രദേശങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. മലയാളികളായ എത്രയോ പേർ ഈ പ്രദേശങ്ങളിൽ ജീവിച്ചുവരു ന്നുണ്ടു്. അവരുമായി ബന്ധപ്പെട്ടു. ദുബായ്, ഷാർജ, അബുദാബി, ബഹ്റൈൻ എന്നീ സ്റ്റേററുകൾമാത്രമേ ഞങ്ങൾ സന്ദർശിച്ചുള്ളു. സമയ പരിമിതിയും, വിസ ലഭിക്കുന്നതിനുള്ള പ്രയാസവും നിമിത്തം, മററു സ്റ്റേററുകളിലെ മലയാളിസുഹൃത്തുക്കളെ കാണാതെതന്നെ ഞങ്ങൾക്കു മടങ്ങേണ്ടിവന്നു. എങ്കിലും ചെന്ന സ്ഥലങ്ങളിലെല്ലാം മലയാളികൾ സംഘടിപ്പിച്ച യോഗങ്ങളിലും സൽക്കാരങ്ങളിലും പങ്കെടുക്കുന്നതിനു് ഞങ്ങൾക്കു് അവസരം ലഭിച്ചു. എത്രയോ മലയാളികളുടെ കടകളും തൊഴിൽസ്ഥാപനങ്ങളും പാർപ്പിടങ്ങളും ഞങ്ങൾ പോയി കണ്ടു. ഈ സ്ഥലങ്ങളിൽവെച്ചും, പൊതുസ്ഥലങ്ങളിൽവെച്ചും, വളരെയധികം മലയാളികളുമായി ഞങ്ങൾ പരിചയപ്പെട്ടു. അവരുടെ സ്വന്തം പ്രശ്ന ങ്ങളെക്കുറിച്ചും, ഗൾഫ്മലയാളികളുടെ പൊതുപ്രശ്നങ്ങളെക്കുറിച്ചും നീണ്ട ചർച്ചകളിൽ പങ്കെടുക്കുകയുംചെയ്തു. ദുബായിലും ബഹ്റൈനി ലുമുള്ള പത്രസ്ഥാപനങ്ങൾ ഞങ്ങൾ ചെന്നു കാണുകയും, അവയിലെ പ്രവർത്തകരുമായി സംസാരിക്കുകയുംചെയ്തു. ഈ രണ്ടു സ്റ്റേററുകളിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയങ്ങളുമായും ഞങ്ങൾ ബന്ധംപുലർത്തി. ബഹ്റൈൻ ഗവണ്മെൻറിൻെറ വാർത്താവിതരണവിഭാഗത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനേയും ഞങ്ങൾ കാണുകയുണ്ടായി. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ച വായനക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും മനസ്സിലാക്കുന്നതിനുപുറമേ, ഗൾഫ്പ്രദേശങ്ങളിൽ പാർക്കുന്ന എട്ടു ലക്ഷത്തോളം ഇന്ത്യൻ പൗരന്മാരുടെ സുഖനിമിഷങ്ങളിൽ

പങ്കാളികളാകുന്നതിനും ആകുലതകളും ആശങ്കകളും ഒട്ടൊക്കെ ഉൾക്കൊള്ളുന്നതിനും ഞങ്ങൾക്ക സാധിച്ചു.

ഗൾഫ്പ്രദേശങ്ങളിലെ മലയാളികളിൽ, കെട്ടിടനിർമാണം മുതലായ അദ്ധ്വാനമേറിയ ജോലികളിൽ ഏർപ്പെട്ട് നഗരങ്ങളിൽനിന്ന് അകന്ന് പ്രാഥമികസൗകര്യങ്ങൾപോലും കുറവായ വിദൂരസ്ഥലങ്ങളിൽ ജീവിക്കുന്നവരൊഴികെ മററെല്ലാവരുംതന്നെ, തങ്ങളുടെ ജീവിതപരിസ്ഥിതികളിൽ പൊതുവേ സംതൃപ്തരാണ്. സംഘടിക്കാനുള്ള സ്വാതന്ത്ര്യം ഈ പ്രദേശങ്ങളിൽ ആർക്കുമില്ല. ഉള്ള ജോലിക്ക സുരക്ഷിതത്വവുമില്ല. എങ്കിലും ദരിദ്രമായ ഇന്ത്യയിലെ ദരിദ്രതമങ്ങളായ സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽനിന്നു സമ്പന്നമായ ഗൾഫ് പ്രദേശത്ത് എത്തിപ്പെട്ടതിൽ അവരെല്ലാം സന്തുഷ്ടരാണ്. ദിവസംതോറും നീണ്ട മണിക്കൂറുകൾ ഇളവില്ലാതെ അദ്ധ്വാനിക്കേണ്ടിവരുമ്പോഴും അവർക്ക് കേരളത്തിലെ നിലവാരംവെച്ചുനോക്കുമ്പോൾ, വളരെ ഉയന്ന വരുമാനമുണ്ട്. ജീവിതച്ചെലവ് ഗൾഫ്പ്രദേശത്ത് വളരെ കൂടുതലാണെങ്കിലും, പാർപ്പിടസൗകര്യങ്ങൾ പരിമിതങ്ങളാണെങ്കിലും, മോശമല്ലാത്ത ഒരു തുക പ്രതിമാസം നാട്ടിലേക്ക് അയയ്ക്കാനും, അങ്ങനെ സ്വന്തം കുടുംബാംഗങ്ങളെ ശാശ്വതമായ ദാരിദ്ര്യത്തിൽനിന്ന് ഒട്ടൊക്കെ കരകയററാനും അവർക്ക കഴിയുന്നു. തൻെറ കുടുംബത്തെ താങ്ങിനിർത്തുന്നതു താനാണെന്ന അഭിമാനത്തിൻെറ തിളക്കം മിക്ക ഗൾഫ് മലയാളികളുടെയും കണ്ണുകളിൽ ഞങ്ങൾ കണ്ടു. അവധി ദുർലഭമാകയാലും യാത്രച്ചെലവ് ദുർവഹമാകയാലും കൂടെക്കൂടെ പിറന്ന നാട് സന്ദർശിക്കാൻ കഴിയാത്ത അവരുടെയെല്ലാം ഹൃദയങ്ങളിൽ കേരളത്തോടുള്ള ആരാധനാമനോഭാവം, അഗ്നിനാളംപോലെ പ്രകാശം ചൊരിയുന്നതും ഞങ്ങൾക്ക് അനുഭവപ്പെട്ടു. അവരുടെ ഔദാര്യത്തിന് അതിരില്ലായിരുന്നു.

ഗൾഫ്പ്രദേശങ്ങളിലെ പൗരന്മാരായ അറബ്വംശജരെപ്പററിയോ, ഈ പ്രദേശങ്ങൾ ഭരിക്കുന്ന ഷേയ്ഖുമാരുടെ സർക്കാരുകളെപ്പററിയോ, തങ്ങൾക്ക് എന്തെങ്കിലും അതൃപ്തിയുള്ളതായി ആരും ഞങ്ങളോടു സൂചിപ്പിക്കകപോലുംചെയ്തില്ല. നിശ്ചിതമായ ജോലിചെയ്തുകഴിഞ്ഞാൽ, അവശേഷിക്കുന്ന സമയം ഇഷ്ടംപോലെ വിനിയോഗിക്കാൻ അവർക്ക് എല്ലാ സൗകര്യങ്ങളുമുണ്ട്. നിയമങ്ങൾ ലംഘിക്കാത്ത കാലത്തോളം, സർക്കാരിൽനിന്ന് ഒരു അല്ലലും അവർക്ക് അനുഭവപ്പെടുന്നില്ല. നികുതിപോലും അവർ നൽകേണ്ടതില്ല. രാഷ്ട്രീയപ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും, സാംസ്കാരികപ്രവർത്തനങ്ങൾക്ക പര്യാപ്തമായ സ്വാതന്ത്ര്യം അവിടെ അനുവദിക്കപ്പെട്ടിരിക്കുന്നു. സ്വത്തിനും ജീവിതത്തിനും പൂർണമായ സംരക്ഷണം ഗൾഫ്പ്രദേശത്തുണ്ട്. സൗദി അറേബ്യയിൽ ഉച്ചയ്ക്കു പ്രാത്ഥനയ്ക്കും മററുമായി സ്വന്തം കടകളിൽനിന്ന് ജോലിക്കാർ പുറത്തുപോകുമ്പോൾ, കടകളുടെ വാതിലുകൾ അടയ്ക്കാറില്ലത്രേ. കട്ടിളയ്ക്കു കുറുകെ ഒരു നാട കെട്ടിയിടും; അത്രമാത്രം. ആളില്ലാത്ത കടയിൽ കടന്ന് എന്തെങ്കിലും 'ചൂണ്ടാൻ' ആരും ധൈര്യപ്പെടാറില്ല. സൗദിഅറേബ്യയുടെ ഒപ്പമെത്തിയില്ലെങ്കിലും, ഗൾഫ്നാടുകളിൽ മോഷണഭയം ആർക്കുമില്ല. രാത്രിയുടെ ഏകാന്തയാമങ്ങളിൽപ്പോലും സ്ത്രീകൾക്ക് ഒററയ്ക്ക് എവിടേയും സഞ്ചരിക്കാം. അവരെ ദ്രോഹിക്കാൻ ആരും ധൈര്യപ്പെടുകയില്ല. മദ്യപിച്ചു കാറോടിക്കുന്നതും, റോഡിൽ ആടിയാടി നടക്കുന്നതും, ബഹളംകൂട്ടുന്നതും കടുത്തശിക്ഷയ്ക്കു ഇടനൽകുന്ന കുററങ്ങളാണ്. എന്നാൽ, സ്വന്തം വീടുകളിൽവെച്ച് മിതമായി മദ്യപിക്കുന്നതിനു വിദേശിയർക്ക് അനുവാദമുണ്ട്. കുററംചെയ്യുവൻ ശിക്ഷിക്കപ്പെടുമെന്ന ധാരണ അവിടെ എല്ലാവരിലും കണ്ടു. നഗരങ്ങളിൽ തെരുവുകൾ അത്യന്തം വൃത്തിയുള്ളവയാണ്. ശീതളപാനീയം

കുടിച്ചശേഷം ഒഴിഞ്ഞ ടിന്നോ, സിഗരററുപെട്ടിയോ കാറിൽനിന്നു് റോഡിൽ എറിയാൻ ആരും അവിടെ ധൈര്യപ്പെട്ടുകണ്ടില്ല. ദുബായിയിൽ ഞാൻ സന്ദർശിച്ച ആശുപത്രി, സോവിയററ്യൂണിയനിലെ കസാക്കിസ്ഥാനിൽ മുമ്പു ഞാൻ കണ്ടിട്ടുള്ള ആശുപത്രിപോലെതന്നെ, സ്വച്ഛവും ശാന്തവുമായിരുന്നു. ചുരുക്കത്തിൽ, ഗൾഫ് സർക്കാരുകളെ സംബന്ധിച്ചോ, അവയുടെ കീഴിൽ തങ്ങൾക്കു ലഭ്യമായ ജീവിതസൗകര്യങ്ങളെ സംബന്ധിച്ചോ മലയാളികൾക്കു യാതൊരു പരാതിയുമില്ല.

എന്നാൽ, ഈ പ്രദേശങ്ങളിലെ ഇന്ത്യക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു ചുമതലപ്പെട്ട ഇന്ത്യൻ എംബസ്സികളെയും കോൺസുലേററുകളെയും സംബന്ധിച്ചു് ഇന്ത്യക്കാർക്കു് പല പരാതികളുമുണ്ടു്; അവയിൽ സത്യവുമുണ്ടു്. ദുബായിയിലെ കോൺസുലേററു് ഞങ്ങൾ സന്ദർശിച്ച അവസരത്തിൽ, കോൺസുലേററിനു മുമ്പിൽ, റോഡിൽ, വെയിലിൽ, രണ്ടു വരിയായി ധാരാളം ആളുകൾ ക്യൂ നില്ക്കുന്നതു കാണുകയുണ്ടായി. കോൺസുലേററിന്റെ കാവല്ക്കാരായ ഇന്ത്യൻ പട്ടാളക്കാർ ഇവരോടു പരുഷമായി പെരുമാറുന്നതും ഞങ്ങൾ കണ്ടു. കോൺസുലേററു് കെട്ടിടത്തോടനുബന്ധിച്ചു് ഒരു കൂടാരമോ താല്ക്കാലികകെട്ടിടമോ ഉണ്ടാക്കാനും, സന്ദർശകർക്കു് അതിൽ സമയംകാത്തു് ഇരിക്കുവാൻ ഏതാനും ബെഞ്ചുകളോ കസേരകളോ നൽകാനും കോൺസുലേററു് അധികൃതർ തയ്യാറായിട്ടില്ല. തങ്ങളുടെ നാട്ടുകാരോടു് അത്തരം മര്യാദകൾ ആവശ്യമാണെന്നുതന്നെ അവർക്കു തോന്നിയിട്ടില്ല! ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ഇന്ത്യയിൽ ഇന്ത്യക്കാരോടു പുലർത്തുന്ന മനോഭാവവും കാട്ടുന്ന പെരുമാററവും മറുനാടുകളിലും അവർ കൈവിടുന്നില്ല എന്നതിന്റെ ദുഃഖകരമായ ഒരു ഉദാഹരണം ദുബായിയിൽ ഞങ്ങൾക്കു ലഭിച്ചു.

ഗൾഫ്പ്രദേശങ്ങളിലെ ഇന്ത്യക്കാർക്കു് നാട്ടിൽ വരാനും നാട്ടിൽ നിന്നു പോവാനും വിമാനമല്ലാതെ വേറെ വാഹനങ്ങളൊന്നുമില്ല. മററു പല വിമാനക്കമ്പനികളും നൽകുന്ന കുറഞ്ഞ യാത്രക്കൂലിയും സൗകര്യങ്ങളും ഗൾഫിലെ ഇന്ത്യക്കാർക്കു നൽകാൻ ഇന്ത്യാഗവണ്മെൻറിന്റെ ഉടമയിലുള്ള എയർ ഇന്ത്യ തയ്യാറായിട്ടില്ലെന്നതു് ഗൾഫ്–ഇന്ത്യക്കാരുടെ വളരെ നാളുകളായുള്ള പരാതിയാണു്.

വല്ല വിധത്തിലും ബോംബെയിലോ തിരുവനന്തപുരത്തോ വിമാനത്തിൽ വന്നിറങ്ങുന്ന ഗൾഫ്–ഇന്ത്യക്കാരോടു്, പ്രത്യേകിച്ച മലയാളികളോടു്, കസ്റ്റംസ് ഡിപ്പാർട്ടുമെൻറുകാർ കാട്ടുന്ന ക്രൂരതകൾക്കു് ഇന്നും കുറവൊന്നുമില്ല. വളരെനേരം ക്യൂവിൽ കാത്തുനിന്നശേഷം കസ്റ്റംസ് ചെക്കിലെത്തുന്ന യാത്രക്കാർ തങ്ങളുടെ പെട്ടികളിലുള്ള നല്ലനുറുങ്ങുസാധനങ്ങളെല്ലാം വാരിവലിച്ചു പുറത്തിടുവാൻ നിർബന്ധിതരാവുന്നു; ഇവ വീണ്ടും പെട്ടികളിൽ നിറയ്ക്കുന്നതിനിടയിൽ വിലപിടിച്ച പല വസ്തുക്കളും അവർക്കു നഷ്ടപ്പെടുന്നു. എയർപ്പോർട്ടുകളിലുള്ള കൈക്കൂലിയെപ്പററി എന്തെങ്കിലും കഥകൾ പറയാനില്ലാത്ത ആരെയും ഗൾഫ്നാടുകളിൽ ഞങ്ങൾ കാണുകയുണ്ടായില്ല. ഗൾഫിൽനിന്നു യാത്രതിരിച്ചശേഷം വീട്ടിലെത്തുന്നതുവരെയുള്ള ഘട്ടം, ഗൾഫ് പ്രവാസികളായ ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം, ആപദ്നിബിഡവും ആശങ്കാകരവുമാണു്, ശിശുക്കളെ സംബന്ധിച്ചിടത്തോളം പ്രസവഘട്ടംപോലെ!

ദുബായിയിലെ ഇന്ത്യൻ ചീഫ് കോൺസൽ ശ്രീ ഗോയൽ ഞങ്ങളോടു പറഞ്ഞതുപോലെ, ഗൾഫ് പ്രവാസികൾ (ഇംഗ്ലീഷിൽ ഇവരെ 'എക്സ്പാട്രിയററ്' എന്നു വിളിക്കുന്നു) മുഴുവനും സ്വന്തം നാടുകളിലേക്കു തിരിച്ചുപോകേണ്ടവരാണു്. 'അവസാനത്തിന്റെ ആരംഭം തുടങ്ങിയിരിക്കുന്നു' എന്നാണു് ചില മലയാളിസുഹൃത്തുക്കൾ ഞങ്ങളോടു പറഞ്ഞതു്. ഗൾഫ് സമ്പന്നത എത്രകാലം തുടരുമെന്നും, വിദേശികളുടെ

അധ്വാനം ഇനി എത്രകാലം അവിടെ ആവശ്യമായിവരുമെന്നും ആർക്കും തിട്ടമായി അറിഞ്ഞുകൂടാ. ദുബായ് സ്റ്റേററിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥാനം വ്യാപാരമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇറക്കുമതിച്ചുങ്കം കൂടാതെ ദുബായിയിൽ ഉപഭോഗസാധനങ്ങൾ വാങ്ങി സംഭരിക്കുന്നു. ഇവ മധ്യപൗരസ്ത്യദേശത്തെ രാജ്യങ്ങളിലേക്ക് പിന്നീട് കയററി അയയ്ക്കുകയുംചെയ്യുന്നു. ഈ 'രണ്ടാം കയററുമതി' (റീ—എക്സ്പോർട്ട്) ആണ്, ഭൂമിക്കടിയിൽ എണ്ണയില്ലാത്ത ദുബായിയുടെ അതിസമ്പന്നതയ്ക്കു നിദാനം. എന്നാൽ, ഈറാൻ—ഇറാഖ് യുദ്ധം നീണ്ടുപോകുന്ന തോതിന് ദുബായിയിൽ സാധനങ്ങൾ വില്ക്കുക പ്രയാസമായിരിക്കുന്നു. ലോകത്തിൽ ഏററവും ചുരുങ്ങിയ വിലയ്ക്ക് ഏതു സാധനവും കിട്ടുന്ന ദുബായിയിലെ നിറഞ്ഞുവഴിയുന്ന കടകളിൽ ഇന്ന് മറെറാരാളെപ്പോലും കാണാതെ നിങ്ങൾക്ക് എത്രനേരം വേണമെങ്കിലും നിന്നു വിലപേശാം.

അബുദാബിയിലും ഷാർജയിലും, ഭൂമിക്കടിയിലും തീരക്കടലിലും എണ്ണയുണ്ട്. എങ്കിലും, ലോകത്തിലെ എണ്ണയുല്പാദനം മലകയറി സമനിരപ്പിൽ (പ്ലാറേറാ) എത്തിയ പ്രതീതിയാണ് ഇന്ന് എല്ലാവർക്കുമുള്ളത്. ഇനി കീഴ്പോട്ട് ഇറക്കമല്ലാതെ മേല്പോട്ട് കയററം ഈ രംഗത്തിലില്ല. മാത്രമല്ല, ഉള്ള എണ്ണ മിതമായിമാത്രം പുറത്തെടുത്ത്, സമൃദ്ധിയുടെ നാളുകൾ നീട്ടിക്കൊണ്ടുപോകാൻ ഗൾഫ് രാജ്യങ്ങളിലെ ഭരണാധികാരികൾ ശ്രദ്ധാലുക്കളുമാണ്. ഇക്കാരണത്താൽ, 'ധൂർത്ത്' എന്നു മുദ്രയടിക്കപ്പെടാവുന്നതരം നിർമ്മാണപ്രവർത്തനങ്ങൾ 'എണ്ണരാജ്യങ്ങളായ അബുദാബിയിലും ഷാർജയിലും മന്ദീഭവിച്ചിരിക്കുന്നു. കെട്ടിടനിർമ്മാണത്തിലും അനുബന്ധവ്യവസായങ്ങളിലും സേവനത്തുറകളിലും ജോലിസാധ്യതകൾ മറുനാട്ടുകാർക്ക് ഇതിൻഫലമായി കുറഞ്ഞുവരുകയുമാണ്.

ബഹ്റൈനിലെ എണ്ണ മിക്കവാറും വററിയിരിക്കുന്നു. അവിടെയുള്ള കൂററൻ എണ്ണസംസ്കരണശാലയ്ക്ക് ആവശ്യമായ അസംസ്കൃത എണ്ണയുടെ എൺപതു ശതമാനവും സൗദിഅറേബ്യയിൽനിന്ന് കടലിനു കുറുകെയുള്ള പൈപ്പ്ലൈനിലൂടെ പമ്പുചെയ്തുകൊണ്ടുവരുകയാണ്. ബഹ്റൈൻ ഉൾപ്പെടെ ഗൾഫ്നാട്ടുകളിൽ വിദ്യാഭ്യാസത്തിന് സർക്കാരുകൾ നൽകുന്ന പ്രോത്സാഹനം ആരെയും ആശ്ചര്യഭരിതരാക്കും. ഈ പ്രോത്സാഹനത്തിന്റെ ഫലമായി ശാസ്ത്രീയ—സാങ്കേതികവിഷയങ്ങളിൽ വൈദഗ്ധ്യം നേടിയ ഒരു തലമുറ അവിടെ തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. ഉയർന്ന ജോലികളിൽ മാത്രമല്ല, ഇടത്തരം ജോലികളിലും ഇവർ തിക്കിക്കയറി ഇരിപ്പുറപ്പിച്ചുതുടങ്ങിയിരിക്കുന്നു. ഇതിൻഫലമായി പ്രവാസികൾക്ക് (എക്സ്പാട്രിയേററുകൾക്ക്) ജോലിസാധ്യതകൾ വിരളമായും തീർന്നിരിക്കുന്നു. കായികാധ്വാനം കൂടുതൽ ആവശ്യമായ ജോലികളിൽ ആണെങ്കിൽ ഇന്ത്യാക്കാരുമായി മത്സരിക്കാൻ പല നാട്ടുകാരുമുണ്ട്—കൊറിയക്കാർ, ഫിലിപ്പൈൻകാർ, സിലോൺകാർ സർവ്വോപരി പാകിസ്ഥാൻകാർ. സ്വതന്ത്രങ്ങളായ തൊഴിലുകളിൽ ഏർപ്പെടാൻ പ്രവാസികൾക്ക് ഗൾഫ്‌രാജ്യങ്ങളിൽ അനുവാദമില്ല. ഏതു വ്യവസായവും എന്തിന്, മലയാളപത്രങ്ങളുടെ വിതരണംകൂടി—ഏതെങ്കിലും ഒരു അറബിയുടെ പേരിൽ, മാസംതോറും നിശ്ചിതതുക അടച്ചുനേടുന്ന അനുവാദത്തിന്റെ ബലത്തിൽ മാത്രമേ അവിടെ മറുനാട്ടുകാർ ചെയ്തുകൂട്ടൂ.

ഇന്ത്യാക്കാരോട് പൊതുവെ അറബികൾക്ക് ഇഷ്ടമാണ്. ഇന്ദിരാഗാന്ധിയോട് അവർക്കുള്ള സ്നേഹബഹുമാനങ്ങൾക്ക് അതിരില്ല. 'മിസ്കിൻ' (ദരിദ്രൻ) എന്ന് ഇന്ത്യാക്കാരനെ അറബി വിളിക്കുമ്പോൾ അതിൽ ധ്വനിക്കുന്നതു പുച്ഛമല്ല, അനുകമ്പയാണ്. അതിനാൽ, മററു നാട്ടുകാരെ അപേക്ഷിച്ച് ഇന്ത്യാക്കാരെ ഇന്ത്യക്കാരിൽത്തന്നെ മലയാളി

കളെ, ജോലിക്ക വയ്ക്കാനാണ്ˇ അറബികൾക്ക്ˇ ഇഷ്ടം. മലബാർ തീരവുമായി ആയിരത്താണ്ടുകൾ നീണ്ടുനിന്ന അറബിസമ്പർക്കം ആണ്ˇ ഈ മനോഭാവത്തിന്റെ പശ്ചാത്തലത്തിൽ. അറബികളുടെ ഈ ഔദാര്യത്തിൽനിന്നു ചില മലയാളികൾ അനർഘമായ മുതലെടുപ്പു നടത്തിയിട്ടുണ്ട്ˇ എന്ന കാര്യം, വളരെയധികം ഖേദത്തോടെ, പല സുഹൃത്തുക്കളും ഞങ്ങളോടു പറഞ്ഞു. ഈയിടെ ബഹ്റൈനിൽ വലിയതോതിൽ നടന്ന ഒരു കള്ളഡ്രൈവിങ്ˇ ലൈസൻസ്ˇ സംഭവത്തിലും കുറെയേറെ മലയാളികൾ ഉൾപ്പെട്ടിരുന്നു.

'ഒരുത്തൻ പാപകർമ്മം ചെയ്കിലതിൻഫലം

പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും'

എന്ന ചൊല്ല്ˇ പ്രവാസികളെ സംബന്ധിച്ചിടത്തോളം പ്രത്യേകം പ്രസക്തമാണ്ˇ.

ഗൾഫ്ˇനാടുകളിൽ ജോലി നഷ്ടപ്പെട്ട തിരിച്ചെത്തുന്ന കേരളീയരുടെ സ്ഥിതി എന്തായിരിക്കും? ഇപ്പോൾ ആണ്ടിൽ ഏകദേശം ആയിരത്തിമുന്നൂറുകോടി രൂപയോളം ഗൾഫ്ˇനാടുകളിലെ മലയാളികൾ കേരളത്തിലേക്ക്ˇ അയയ്ക്കുന്നുണ്ട്ˇ. ഇന്ത്യൻരൂപയ്ക്ക്ˇ ലോകകമ്പോളത്തിൽ വിലയിടിഞ്ഞ സാഹചര്യത്തിൽ, ഗൾഫിൽ നേടിയ ഓരോ 'ദിർഹാ'മിനും ഓരോ 'ദീനാറി'നും ഇപ്പോൾ കൂടുതൽ രൂപ കിട്ടുന്നുണ്ട്ˇ. അതിനാൽ, ഇന്ത്യയിൽ ധനനിക്ഷേപം നടത്താൻ ഗൾഫിലെ പ്രവാസികൾക്ക്ˇ വലിയ താത്പര്യമാണ്ˇ. ഈ പശ്ചാത്തലത്തിൽ ധാരാളം ഇന്ത്യൻ കമ്പനികൾ തങ്ങളുടെ മൂലധനം, വർദ്ധിപ്പിക്കുകയും ഇക്വിററിഷെയറുകൾ ഗൾഫ്ˇനാടുകളിൽ വിററഴിക്കുകയും ചെയ്യവരുന്നു. ഞങ്ങൾ ഗൾഫ്ˇനാടുകളിലായിരുന്ന പത്തു ദിവസങ്ങൾക്കുള്ളിൽ, മധ്യപ്രദേശിലെയും കർണാടകത്തിലെയും ഓരോ കമ്പനികൾ അവിടെ വൻതോതിൽ ഷെയർവില്പന നടത്തുന്നതു കാണുകയുണ്ടായി. ഒട്ടേറെ കമ്പനികൾ ഈ അവസരം ഇതിനകം ഉപയോഗപ്പെടുത്തിയതായി സുഹൃത്തുക്കൾ ഞങ്ങളോടു പറഞ്ഞു. ഇവയിൽ മൂലധനം നിക്ഷേപിച്ചവരിൽ വളരെ വലിയ ഒരു പങ്ക്ˇ മലയാളികളാണ്ˇ.

പക്ഷേ, കേരളത്തിലെ സർക്കാരോ വ്യവസായികളോ ഈ അവസരം ഇനിയും കണ്ടറിഞ്ഞിട്ടില്ല. കേന്ദ്ര–സംസ്ഥാനമന്ത്രിമാരടക്കം പല രാഷ്ട്രീയപ്രവർത്തകരും കൂടെക്കൂടെ ഗൾഫ്ˇനാടുകൾ സന്ദർശിക്കാറുണ്ടെങ്കിലും, സ്വന്തം ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങി നാട്ടിലേക്ക കടത്തുവാനല്ലാതെ പ്രവാസിമലയാളികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ അവർക്ക സമയമില്ലെന്നാണ്ˇ ഗൾഫ്ˇ-സുഹൃത്തുക്കൾ ഞങ്ങളോടു പറഞ്ഞത്ˇ. സിനിമാനടന്മാർ, ഗായകന്മാർ തുടങ്ങിയ മററു മലയാളി സന്ദർശകർക്ക്ˇ സാമ്പത്തികകാര്യങ്ങളിൽ പരിജ്ഞാനം ഉണ്ടായിരിക്കുമെന്നും പ്രതീക്ഷിച്ചുകൂടാ. അതിനാൽ, തങ്ങളുടെ ഭാവി സാമ്പത്തിക താത്പര്യങ്ങൾ കേരളത്തിൽ പാടെ നിരാകരിക്കപ്പെട്ടിരിക്കുന്നു എന്ന ബോധം പല ഗൾഫ്ˇ മലയാളികൾക്കുമുള്ളതായി ഞങ്ങൾ കണ്ടു. സ്വന്തം നിലയിൽ കേരളത്തിൽ ഒരു വ്യവസായം തുടങ്ങാൻ, ഗൾഫ്ˇനാടുകളിൽ വിജയകരമായി സേവനവ്യവസായങ്ങളും കച്ചവടവും നടത്തുന്നവർക്ക്ˇ ധൈര്യംപോരാ. 'നാട്ടിൽ ഒരു കട തുറന്നാൽ, പിറേറന്ന്ˇ ഹലാക്കിന്റെ കൊടി പിടിക്കുലേ?' എന്നാണ്ˇ ബഹ്റൈനിൽ ചെറിയ തോതിൽ ഒരു റസ്റ്റോറന്റ്ˇ ഭംഗിയായി നടത്തുന്ന ഒരു മലയാളി സുഹൃത്ത്ˇ ഞങ്ങളോടു ചോദിച്ചത്ˇ. സർക്കാർ ഉടമയിൽ കേരളത്തിൽ നടക്കുന്ന (ഒരുപക്ഷേ, കെൽട്രോൺ ഒഴികെയുള്ള) എല്ലാ വ്യവസായങ്ങളും നിരന്തരമായി നഷ്ടം വരുത്തിവയ്ക്കുന്നതിൽ പരസ്പരം മത്സരിക്കുന്ന സാഹചര്യത്തിൽ, അവയിൽ മുതൽമുടക്കി ഉള്ളതുകൂടി നഷ്ടപ്പെടുത്താൻ ആർക്കും

താത്പര്യമില്ല. ഫിലിംവ്യവസായത്തിൽ പണം മുടക്കിയ മിക്ക ഗൾഫ് മലയാളികൾക്കും നിരാശയാണ് ഇന്നോളം കൈവന്നിട്ടുള്ളത്.

ഗൾഫ് നാടുകളിൽ പത്ത് പലതരം വ്യവസായങ്ങളിൽ, പ്രത്യേകിച്ച് മൂല്യസംവർധന' (ആഡഡ് വാല്യു) വ്യവസായങ്ങളിൽ, പരിചയം നേടിയ പ്രവാസികളിൽ ചിലർ, കേരളത്തിൽ തിരിച്ചുവന്ന്, രാഷ്ട്രസേവനമെന്ന നിലയിൽ, ഒട്ടൊക്കെ സാഹസികതയോടെ, പുതുവ്യവസായങ്ങൾ ആരംഭിക്കുക മാത്രമാണ്. ഈ പുററുപാടിൽ, ഗൾഫ് മലയാളികളുടെ മൂലധനം കേരളത്തിൽ നിക്ഷേപിക്കപ്പെടുന്നതിനുള്ള മാർഗം. വിദേശനാണയരൂപത്തിൽ നൽകപ്പെടുന്ന ഡിപ്പോസിററുകൾക്ക് ഇന്നുള്ള നികുതിയിളവ് ആനുകൂല്യത്തോടൊപ്പം കൂടുതൽ പലിശ കൂടി നൽകുന്നതുവഴി ഗൾഫ് മലയാളികളുടെ ഇന്ത്യയിലെ ബാങ്ക്നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ, രൂപയുടെ വില ആണ്ടുതോറും ഇടിഞ്ഞിടിഞ്ഞുവരുന്ന സാഹചര്യത്തിൽ ഈ നിക്ഷേപം നിക്ഷേപകർക്ക ഭാവിയിൽ ഗുണപ്രദമായിക്കൊള്ളണമെന്നില്ല. കേരളത്തിലെ ഏററവും നല്ല തലച്ചോറിൻെറ വലിയ ഒരുഭാഗം ഇന്ന് ഗൾഫ് നാടുകളിലാണ് ഈ തലച്ചോർ കുറെയെങ്കിലും തിരിച്ചു കൊണ്ടുവരാൻ നമുക്ക കഴിഞ്ഞാൽ വ്യവസായവത്കരണത്തിൽ ചെറിയ തോതിലെങ്കിലും മുന്നേററം കേരളത്തിൽ ഉണ്ടായേക്കാം. ഗൾഫ് മലയാളികളുടെ പണം കേരളത്തിലെ കടുത്ത ദാരിദ്ര്യത്തിനു കുറെയൊക്കെ ഉപശാന്തി കൈവരുത്തിയിരിക്കുന്നു. പക്ഷേ, വിവിധ തുറകളിൽ ഗൾഫ്മലയാളി ആർജിച്ചിട്ടുള്ള പ്രായോഗികവൈദഗ്ധ്യവും ആധുനികരീതിയിലുള്ള അവരുടെ സേവനവും കൂടി ലഭിച്ചാൽ മാത്രമേ, സ്വന്തം കാലിൽ നിൽക്കുവാനുള്ള കഴിവ് കരളത്തിൻെറ സമ്പദ്‌വ്യവസ്ഥിതിക്ക കൈവരുകയുള്ളു. ആത്മവിശ്വാസമുള്ള ഗൾഫ് മലയാളിസുഹൃത്തുക്കളുടെ ശ്രദ്ധ ഈ വഴിക്ക തിരിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

6 ഡിസംബർ, 1984

## 40. ജവാഹർലാൽ— ഒരു പുതിയ വിലയിരുത്തൽ

റഷ്യൻ ചിന്തകരുടെയും, അവരെ അന്ധമായി അനുസരിച്ചിരുന്ന ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാരുടെയും ദൃഷ്ടിയിൽ മഹാത്മാഗാന്ധി, അദ്ദേഹം ജീവിച്ചിരുന്ന കാലമത്രയും, 'മുതലാളിമാരുടെ ഏജൻറ്' ആയിരുന്നു. ജവാഹർലാൽ നെഹ്റുവിനെപ്പററിയും കമ്യൂണിസ്റ്റുകാരുടെ ആദ്യകാലമതിപ്പ് വളരെയൊന്നും വ്യത്യസ്തമായിരുന്നില്ല. പില്ക്കാലത്ത് സോവിയററ്യൂണിയൻ നെഹ്റുവിന് ആവേശനിർഭരമായ സ്വീകരണം നൽകിയപ്പോഴും, സോഷ്യലിസത്തെപ്പററിയുള്ള നെഹ്റുവിൻെറ അഭിപ്രായപ്രകടനങ്ങളെ വെറും തട്ടിപ്പായേ ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ കണക്കാക്കിപ്പോന്നുള്ളു.

മനുഷ്യചരിത്രത്തിൽ സാമാന്യമായും ഇന്ത്യാചരിത്രത്തിൽ പ്രത്യേകിച്ചും നെഹ്റു നിർവഹിച്ച ഭൂമികയെ(റോളിനെ)പ്പററി സോവിയററ് യൂണിയൻ ഔദ്യോഗികമായി ഒരു പുനർവിചിന്തനം നടത്തിയിരിക്കുന്നു. സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിയിലെ അന്താരാഷ്ട്രീയവിഭാഗത്തിൻെറ ഉപതലവനായ പ്രൊഫസർ ഉല്യാനോവ്സ്കി രചിച്ചതും 1983—ൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിച്ച